LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

121 (2954) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയെന്നും വിനിയോഗിച്ച തുക എത്രയാണെന്നും പറയാമോ?

ഉത്തരം

(എ ആന്റ് ബി) അനുബന്ധമായി ചേർക്കുന്നു.*

ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം

122 (2955) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നിയമന ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത നിയമനത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പദ്ധ്യക്ഷൻമാരുടെ നിയമനരീതിക്ക് അനുസൃതമായിട്ടാണോ ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ നിയമനം നടത്തിയതെന്നറിയിക്കാമോ;

(ഡി) ഇപ്പോൾ നടത്തിയിരിക്കുന്ന നിയമനത്തിനുപിന്നിൽ അഴിമതിയും സ്വജനപക്ഷപാതവും നിയമവിരുദ്ധ നടപടികളുമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ നിയമനം റഗുലറൈസ് ചെയ്യുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

രാഷ്ട്രീയ കൃഷി വികാസ് യോജന-എറണാകുളം ജില്ല

123 (2956) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ എത്ര പ്രവൃത്തികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജില്ലയിലേക്ക് നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുകയിൽ ഇതുവരെ എത്ര രൂപ വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നെൽകൃഷി വികസന പദ്ധതി, തരിശുനിലത്തിൽ നെൽകൃഷി എന്നീ പദ്ധതികളും ക്ഷീരവികസന വകുപ്പ് ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയും ഫിഷറീസ് വകുപ്പ് ശുദ്ധജല മത്സ്യകൃഷി, പാടശേഖരത്തിലെ മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി, കല്ലുമ്മേക്കായ കൃഷി എന്നിവയും നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു.

(ബി) കൃഷി വകുപ്പ് 56.025 ലക്ഷം രൂപയും ഫിഷറീസ് വകുപ്പ് 55 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന റീ വൈറ്റലൈസേഷൻ ഓഫ് പൊക്കാളി പാഡി എന്ന പദ്ധതിയും കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അങ്കമാലി മുനിസിപ്പാലിറ്റിയിലെ നെട്ടം തോടിന്റെയും കുര്യാതോടിന്റെയും ഏഴിക്കര പഞ്ചായത്തിലെ സൗത്ത് പൊക്കാളി തേരക്കൽ പാടശേഖരം, കുണ്ടേക്കാവ് കോട്ടുവള്ളി പുഴ പാടശേഖരം റീച്ച്-1, നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നിവയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതിയും ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന കല്ലുമ്മേക്കായ കൃഷി പദ്ധതിയും പൂർത്തീകരിക്കാനുണ്ട്.

നീര ഉല്പാദനം

124 (2957) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദനം പ്രോത്സാഹിപ്പിയ്ക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly